# അധ്യായം അഞ്ച്

# ഉപസംഹാരം

ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റിനെക്കുറിച്ചുള്ള സവിശേഷ പഠനത്തിൽനിന്നും ആർജിച്ച പൊതുനിരീക്ഷണങ്ങളും കണ്ടെത്തലുകളും ചുവടെ ചേർക്കുന്നു.

1. പുരാവൃത്തങ്ങളിൽ നിബന്ധിതമായ അനുഷ്ഠാനങ്ങൾ മതത്തിന്റെ നെടുംതൂണാണ്. ലാളിത്യത്തിന്റെയും സൗന്ദര്യത്തിന്റെയും പ്രതീക മായ നാടൻകലകൾപോലെതന്നെ സുന്ദരമാണ് ഇവയ്ക്ക് പിന്നി ലുള്ള പുരാവൃത്തങ്ങളും.
2. ഓരോ കൂട്ടായ്മയുടെയും ആചാരവിശ്വാസങ്ങൾ അവരുടെ അനു ഷ്ഠാനങ്ങളിലധിഷ്ഠിതമാണ്. ഒരു പഠിതാവിനെ അനുഷ്ഠാന കലകളിലേയ്ക്ക് ആകർഷിക്കുന്നത് അതിലെ കലാംശമാണെങ്കിൽ ഒരു വിശ്വാസിയെ ആകർഷിക്കുന്നത് അതിലെ അനുഷ്ഠാനാംശമാണ്.
3. കേരളത്തിൽ പരക്കെ പ്രചാരത്തിലുള്ള ഭൂരിപക്ഷം അനുഷ്ഠാന കലകളുടെയും പിന്നിൽ പ്രവർത്തിക്കുന്ന പുരാവൃത്തം കാളീപുരാ വൃത്തമാണ്. മറ്റേതുപുരാവൃത്തത്തെക്കാളും മലയാളമണ്ണിൽ ആഴത്തിൽ വേരോടിയിരിക്കുന്നത് ഈ പുരാവൃത്തമാണ്.
4. മാതൃത്വത്തിന്റെ സംരക്ഷണവും വാൽസല്യവും നൽകുന്ന പ്രകൃതി യാണ് മലയാളിയ്ക്ക് അമ്മദൈവം.
5. കാർഷികസംസ്ഥാനമായ കേരളത്തിലെ ക്ഷേത്രങ്ങളിൽ കാളീപുരാ വൃത്തവുമായി ബന്ധപ്പെട്ട് അവതരിപ്പിച്ചുവന്ന രംഗാവതരണങ്ങൾ

എല്ലാംതന്നെ വ്യക്തിയുടെയും സമൂഹത്തിന്റെയും ദേശത്തിന്റെയും ഐശ്വര്യത്തിനായി നടത്തുന്ന ഉർവ്വരതാനുഷ്ഠാനങ്ങളാണ്.

6. സാംസ്കാരികപൈതൃകത്തിന്റെ പാരമ്പര്യം പേറുന്ന മുടിയേറ്റിന്റെ അവതരണഭേദങ്ങൾ തൃശൂർ മുതൽ തിരുവനന്തപുരംവരെ നീണ്ടു കിടക്കുന്നു.

7. നിശ്ചലതയുടെ ധൂളീചിത്രവും ചലനാത്മകതയുടെ രംഗാവതരണവും ഏകതാനകമായി മുടിയേറ്റിൽ കൂടിച്ചേരുന്നു. മുടിയെടുപ്പ്, തീയാട്ട്, കാളിയൂട്ട് തുടങ്ങിയ അനുഷ്ഠാനാവതരണങ്ങൾക്കുമുൻപ് കളമെഴുത്തുംപാട്ടും നടത്തുന്നു.

8. മുടിയെടുപ്പ്, കാളിയൂട്ട്, കാളിദാരികൻ, മുടിപ്പേച്ച്, കോലംകളി, കാളിത്തീയാട്ട്, ദാരികവധം, കാളകളി, നിണബലി തുടങ്ങിയ അനുഷ്ഠാനാവതരണങ്ങളിൽ മുഖത്തുതേപ്പിനുപയോഗിക്കുന്ന പ്രകൃതിദത്തമായ വസ്തുക്കൾ തന്നെയാണ് മുടിയേറ്റിനും ഉപയോഗിക്കുന്നത്. കൂടാതെ ആട്ടവിളക്ക്, തെള്ളിപ്പൊടി, കുരുത്തോല, ചെത്തിപ്പൂവ്, വെറ്റില തുടങ്ങിയവ എല്ലാ അനുഷ്ഠാനാവതരണ ങ്ങളിലും ഉപയോഗിക്കുന്നു.

9. കഥകളി, തുള്ളൽപോലുള്ള പല ക്ഷേത്രകലകളിലെയും മുഖത്തെ ഴുത്തിലും വേഷവിധാനത്തിലും മുടിയേറ്റിന്റെ സ്വാധീനം കാണാം.

10. മുടിയേറ്റിലെ കോയിമ്പടനായർ നടത്തുന്ന സാമൂഹ്യവിമർശനത്തിന്റെ സ്വാധീനമാണ് കുഞ്ചൻനമ്പ്യാർ തുള്ളലിൽ സ്വീകരിച്ചിട്ടുള്ളത്.

11. ഒരു സമ്പൂർണനാടകമായ മുടിയേറ്റിൽ കാവ്-കളം-അവതാരകൻ എന്ന ക്രമത്തിൽ ദേവീചൈതന്യം ആവാഹിക്കപ്പെടുന്നു.

12. തൗര്യത്രികത്തിന്റെ അകമ്പടിയോടെ അവതരിപ്പിക്കപ്പെടുന്ന മുടിയേറ്റ് അഭിനയത്തിന്റെ എല്ലാ സാധ്യതകളിലൂടെയും കടന്നുപോകുന്നു.

13. പാരമ്പര്യമായി അവകാശമുള്ള കുടുംബക്കാർ മാത്രമാണ് മുടിയേറ്റ് അവതരിപ്പിക്കുന്നത്.

14. ആദിമാതൃദേവതാരാധന ഇന്നും നിലനിർത്തുന്ന ഒരനുഷ്ഠാനാ വതരണമാണ് മുടിയേറ്റ്.

15. നാടകവും അനുഷ്ഠാനവും വേർതിരിക്കാനാവാത്തവിധം മുടിയേറ്റിൽ ഇഴചേർന്നിരിക്കുന്നു.

16. ഇന്നും തികഞ്ഞ വ്രതാനുഷ്ഠാനങ്ങളോടെ അവതരിപ്പിക്കുന്ന മുടിയേറ്റ് ദേവിയ്ക്ക് സമർപ്പിക്കുന്ന നിവേദ്യമാണ്.

17. അനുഷ്ഠാനനാടകം എന്നനിലയിൽ അവതരിപ്പിച്ചുവന്ന മുടിയേറ്റ് ഇന്നത്തെ മാറിയ സാഹചര്യത്തിലും (വിശ്വാസം, അനുഷ്ഠാനം, ആസ്വാദനം) അനുഷ്ഠാനാംശം നിലനിർത്തിക്കൊണ്ടുള്ള മാറ്റങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്.

18. കേരളത്തിൽ മുടിയേറ്റ് നടത്തിവരുന്നത് മൂന്നു കുടുംബങ്ങളിലായി ഒമ്പത് സംഘങ്ങളാണ്.

19. കാവിനോടൊപ്പം നിൽക്കുന്ന അവതരണപരമ്പരകൾ വിശ്വാസത്തില ധിഷ്ഠിതമാണ്. മുടിയേറ്റും കാവുമായുള്ള ബന്ധത്തിലും ഇതുതന്നെ യാണ് അടിസ്ഥാനം.

20. പ്രകൃതി > കാവ് > ദൈവം > അനുഷ്ഠാനം > വിശ്വാസം എന്ന രീതിയിലാണ് അനുഷ്ഠാനങ്ങളുടെ നിലനിൽപ്.

**ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റിന്റെ പ്രത്യേകതകൾ**

21. മുടിയേറ്റിന്റെ അവതരണത്തിൽ കഥാപാത്രങ്ങളെല്ലാം സംഭാഷണങ്ങൾ അവരവർതന്നെ നേരിട്ടു പറയുന്നു.

22. കാളി-ദാരികന്മാർ ഒന്നാം രംഗത്തിൽ തന്നെ കണ്ടുമുട്ടുന്നു.

23. കാളിയ്ക്ക് മാത്രമേ ഇവിടെ പുറപ്പാടുള്ളൂ. എന്നാൽ മറ്റുള്ള സംഘങ്ങൾക്ക് ദാരികൻ, കൂളി എന്നിവർക്കും പുറപ്പാടുണ്ട്.

24. ചന്ദനശ്ശേരിക്കാവിൽ കാളിപുറപ്പാട് ക്ഷേത്രത്തിനുവടക്കുവശമുള്ള ഉയർന്നതും വൃക്ഷങ്ങൾ നിറഞ്ഞതുമായ സ്ഥലത്തുനിന്നുമാണ് ആരംഭിക്കുന്നത്.ഇത് വടക്കനപ്പനായ ശിവന്റെ കൈലാസത്തിൽ നിന്നുമുള്ള കാളിയുടെ പുറപ്പാടിനെയാണ് സൂചിപ്പിക്കുന്നത്.

25. കാളി-ദാരികന്മാർ ഒന്നാംരംഗത്തിൽ വെച്ചുതന്നെ യുദ്ധത്തിലേർപ്പെടുന്നു.

26. ശിവ-നാരദസംവാദംമുതൽ ദാരികന്റെ വധംവരെയുള്ള ഭാഗം അവതരിപ്പിക്കുന്നതിനിടയിൽ ഒരിക്കൽപോലും അരങ്ങൊഴിയുന്നില്ല.

27. മുടിയേറ്റിനായി ശിരസ്സിലേറ്റുന്ന മുടി കൂടിയാട്ടം കഴിഞ്ഞ് കലി അടക്കുന്നതിനായി മാത്രമേ പറിക്കുന്നുള്ളൂ(മുടി എടുത്ത് മാറ്റുന്നുള്ളൂ). മറ്റുള്ള സംഘങ്ങളിലേതുപോലെ ഇടയ്ക്ക് മുടി എടുത്തുമാറ്റി വിശ്രമിക്കുന്നില്ല.

28. കൂളിയ്ക്ക് പ്രത്യേകം സംഭാഷണമില്ല.

29. കൂളിയാണ് കാളിയുടെ മുടി പറിയ്ക്കുന്നത്.

30. കൂളിയുടെ വേഷവും പ്രവൃത്തിയും കാഴ്ചക്കാരിൽ പരിഹാസം ഉളവാക്കുന്ന രീതിയിലുള്ളതല്ല. എന്നാൽ മറ്റുള്ള മുടിയേറ്റു

സംഘങ്ങളിലെ കൂളിയുടെ വേഷവും പ്രവൃത്തിയും കാഴ്ചക്കാരിൽ പരിഹാസം ഉളവാക്കുന്നതാണ്.

31. ആസ്വാദകരെ രസിപ്പിക്കുന്നതിനേക്കാൾ കാളിയെയുദ്ധത്തിൽ സഹായിക്കുക എന്ന കർത്തവ്യമാണ് കൂളി നിറവേറ്റുന്നത്.

32. ചന്ദനശ്ശേരിക്കാവിൽ മുടിയേറ്റിന് മുൻപും പിൻപും കളമെഴുത്തുംപാട്ടും നടക്കുന്നു.

33. ദാരികനിഗ്രഹം എഴുതിയ കളം ബ്രാഹ്മണൻ പുജചെയ്യുന്നതോടെ അനുഷ്ഠാനം അവസാനിക്കുന്നു. തുടർന്നുനടക്കുന്ന മുടിയേറ്റ് ഒരു ഫ്ളാഷ്ബാക്ക് സങ്കേതത്തിലുള്ള ദാരികവധം നാടകം തന്നെയാണ്. മുടിയേറ്റിന്റെ അവസാനമുള്ള കളം പുരാവൃത്തമനുസരിച്ച് ദേവിയുടെ കോപശമനത്തിനായി സുബ്രഹ്മണ്യൻ എഴുതുന്നതാണ്. നാടക സങ്കേതമനുസരിച്ച് നാടകം ആരംഭിച്ചിടത്തുതന്നെ അവസാനി ക്കുകയും ചെയ്യുന്നു.

34. മുടിയേറ്റ് തുടങ്ങുന്നതിന് മുൻപുതന്നെ ഈഴവസമുദായത്തിന്റെ ഐവർകളി ആരംഭിക്കുന്നു. മുടിയേറ്റിനുശേഷമാണ് ഐവർകളി അവസാനിക്കുന്നത്.

35. മുടിയേറ്റും ഐവർകളിയും സമാന്തരമായി ഒരേസമയം അരങ്ങി ലെത്തുന്നു. മുടിയേറ്റിലെ കഥാസന്ദർഭങ്ങൾക്കനുസരിച്ചുള്ള പാട്ടും തട്ടിന്മേൽക്കളിയും ഐവർകളിയിൽ അനുഷ്ഠിക്കപ്പെടുന്നു. മുടിയേറ്റിന്റെ നാടകീയതയ്ക്ക് തീവ്രതകൂട്ടുവാൻ ഇത് സഹായക മാകുന്നു.

36. ഐവർകളിക്കുശേഷം കോഴിയെ ഗുരുതി കൊടുക്കുന്നു. ഇത്

ദാരികവധത്തിന്റെ സൂചനയാണ്.

37. അശ്വതി, ഭരണി, കാർത്തിക നാളുകളിലായി ഇവിടെ അരങ്ങേറുന്ന എല്ലാഅനുഷ്ഠാനങ്ങൾക്കും ആധാരം കാളീപുരാവൃത്തമാണ്. ഇവയെല്ലാം ഒന്നുചേരുമ്പോഴാണ് മുടിയേറ്റിന്റെ അവതരണക്രമം പൂർത്തിയാകുന്നത്.

38. ചുറ്റുവിളക്കുതെളിച്ച് ശുദ്ധീകരിച്ച ക്ഷേത്രത്തിലേയ്ക്ക് കാളിയെ സ്വീകരിക്കുന്നതിനായി താലപ്പൊലിയേന്തിയവനിതകൾ എത്തുന്നു. ദാരികനിഗ്രഹാനന്തരം ജയഘോഷയാത്ര നടത്തുന്ന കാളിയ്ക്ക് ദേവസ്ത്രീകൾ നൽകുന്ന വരവേൽപാണ് താലപ്പൊലിയുടെ പുരാവൃത്തം.

39. തുടർന്നുനടക്കുന്ന കളംപാട്ട്, ഐവർകളി, അടുത്തപ്രഭാതത്തിലെ കളമെഴുത്തുംപാട്ടും, മുടിയാട്ടം, ഗരുഡൻപറവ എന്നീ അനുബന്ധ കലകളും ഇളംപാനഎഴുന്നെള്ളിപ്പ്, ചുറ്റുവിളക്ക്, താലപ്പൊലി കലംകരി, പൊങ്കാല, ഭരണിയൂട്ട്, ഗുരുതി തുടങ്ങിയ അനുഷ്ഠാന ങ്ങളുമൊരുക്കുന്ന ശൃംഖലയിലെ പ്രധാനകണ്ണിയാണ് മുടിയേറ്റ്. മുടിയേറ്റിനുമുൻപും പിൻപുമുള്ള ഈ അനുഷ്ഠാനാവതരണങ്ങൾ ചന്ദനശ്ശേരിക്കാവിലെമുടിയേറ്റിനെ മറ്റുള്ള മുടിയേറ്റിൽനിന്നും വ്യത്യസ്തമാക്കുന്നു.

40. കുറുപ്പിന്റെ മുടിയേറ്റിന് മാരാരുടെ കളംപാട്ടും, നമ്പൂതിരിയുടെ കളംപൂജയും, ഈഴവരുടെ ഐവർകളിയും, ദളിതന്റെ മുടിയാട്ടവും, വ്യത്യസ്ത കൂട്ടായ്മകളുടെ ചുറ്റുവിളക്ക്, താലപ്പൊലി, കലംകരി, പൊങ്കാല, ഭരണിയൂട്ട്, ഇളംപാന, ഗരുഡൻപറവ, ഗുരുതി എന്നീ അനു

ബന്ധകലകളും ചേർന്ന് വ്യത്യസ്ഥ ജാതിക്കൂട്ടായ്മയുടെ ഒരു ശൃംഖല തീർക്കുന്നു ഇത് ഇവിടുത്തെ മുടിയെറ്റിനെ കൂടുതൽ ശക്തിപെടുത്തുന്നു.

41. കൂട്ടായ്മയുടെ ശക്തിയും അവതരണത്തിന്റെ സൗന്ദര്യവും നിറഞ്ഞു നിൽക്കുന്നതിനാൽ ചന്ദനശ്ശേരിക്കാവിലെ മുടിയേറ്റിന് സമഗ്രതയുണ്ട്.

തീവ്രമായ വ്രതശുദ്ധിയോടുകൂടിയ അനുഷ്ഠാനപരത നിലനിർത്തിക്കൊണ്ടുതന്നെ മുടിയേറ്റിനെ പൊതുവേദിയിലേക്ക് എത്തിക്കാൻ കഴിയുമെന്ന് ഈ പഠനത്തിൽനിന്നും മനസ്സിലാക്കുന്നു. കാവും പ്രകൃതിയും സംരക്ഷിക്കുന്നതുപോലെതന്നെ മുടിയേറ്റും സംരക്ഷിക്കപ്പെടേണ്ട താണെന്നും അതിനായി ക്ഷേത്രകലാപീഠം, കലാമണ്ഡലം, ഗുരുവായൂർ വിദ്യാപീഠം തുടങ്ങിയവപോലെ മുടിയേറ്റ് കലാപീഠം സ്ഥാപിച്ച് ഗുരുകുലസമ്പ്രദായത്തിലുള്ള അഭ്യസനംവഴി ഈ അനുഷ്ഠാനകല നിലനിർത്തുകയും ചെയ്യേണ്ടത് അനിവാര്യമാണെന്നും ഈ എളിയപഠനം ബോധ്യപ്പെടുത്തുന്നു.